LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം, സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്ട് സ്കിൽസ് ട്രെയിനിംഗ്, ബേസിക് ആന്റ് അഡ്വാൻസ്ഡ് മാനേജ്മെന്റ് സർവ്വീസ് കോഴ്സ്, ഗ്രഡ് ഗവേണൻസ്, വാല്യൂസ് ഇൻ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ ട്രെയിനിംഗുകളും ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്. ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന പരിപാടികൾ വിവിധ വകുപ്പുകളുടെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നടത്തി വരുന്നുണ്ട്. കൂടാതെ നിലവിൽ കേരളത്തിലെ ജില്ലകളെ 3 മേഖലകളാക്കി തിരിച്ച് ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സെന്ററുകളിൽവച്ച് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പരിശീലനം നൽകി വരുന്നുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനം നിർബന്ധിതമാക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

കെ. എസ്. ആർ. ടി. സി. പാഴ്സൽ കൊറിയർ സർവ്വീസുകൾ

28 (*328) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പാഴ്സൽ കൊറിയർ സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കെ.എസ്.ആർ.ടി.സി.-യിൽ പാഴ്സൽ കൊറിയർ സർവ്വീസുകളുടെ ഉദ്ഘാടനം 7-7-2015-ൽ നടത്തിയിട്ടുണ്ട്.

(ബി&സി) കോർപ്പറേഷന്റെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും തദ്വാരാ കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് ചെറിയൊരളവുവരെ കുറവ് വരുത്തുന്നതിനും സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 31-1-2015, 16-3-2015 എന്നീ തീയതികളിലെ ടെണ്ടർ നടപടികളിലൂടെ M/s ട്രാക്കോൺ കൊറിയേഴ്സ് എന്ന കമ്പനിയെ ലൈസൻസിയായി കണ്ടെത്തി. 7-7-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ കൊറിയർ പാഴ്സൽ സർവ്വീസിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. കൊറിയർ സർവ്വീസ് മുഖാന്തിരം ആകെ സമാഹരിക്കുന്ന വരുമാനത്തിന്റെ താഴെപ്പറയുന്ന വിഹിതം പ്രതിമാസം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് :

മിനിമം തുക: 2 ലക്ഷം രൂപ	
25 ലക്ഷം രൂപ വരെ	22%
50 ലക്ഷം രൂപ വരെ	27%
75 ലക്ഷം രൂപ വരെ	32%
ഒരു കോടി രൂപ വരെ	35%
ഒരു കോടി രൂപയ്ക്ക് മുകളിൽ	40%

മേൽപദ്ധതിയിൽ കോർപ്പറേഷൻ ചെയ്യേണ്ടത്

1. ബസ് സ്റ്റേഷനുകളിൽ സ്റ്റോറേജ്, ഓഫീസ് എന്നിവയ്ക്ക് സ്ഥലം
2. ബസ്സുകളിൽ സ്റ്റോറേജ് സ്പെയ്സ്
3. കയറ്റിയിറക്കാനായി വാഹനം കടന്നുചെല്ലുന്ന സൗകര്യം.

LIBRARY ARCHIVES Kerala Legislative Assembly

കൊറിയർ ലൈസൻസിയുടെ ഉത്തരവാദിത്വം

1. പാഴ്സൽ ശേഖരിക്കുന്നതും വിതരണം ചെയ്യുന്നതും
2. കളക്ഷനും ബില്ലിംഗും
3. ബില്ലിംഗ്, കളക്ഷൻ, വിതരണം, കയറ്റിറക്ക് ഇവയ്ക്കുവേണ്ട മനുഷ്യ വിഭവശേഷി
4. സ്ഥിരമായ പ്രവർത്തനം മൂലധനത്തിനുള്ള ക്രമീകരണം
5. ഉപഭോക്താവിന്റെ സംതൃപ്തി
6. ഫ്രാഞ്ചൈസ്, കോ-ലോഡിംഗ് ബിസിനസ്സ് കൈകാര്യം ചെയ്യൽ
7. എല്ലാവിധ നഷ്ടപരിഹാരങ്ങളും വ്യവഹാരങ്ങളും.

മോട്ടോർ വാഹനവകുപ്പിലെ ഹെൽപ്പ് ലൈൻ സംവിധാനം

29 (*329) ശ്രീ.ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രയ്ക്കിടയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളും കുറ്റകൃത്യങ്ങളും തടയാൻ മോട്ടോർ വാഹന വകുപ്പ് ഹെൽപ്പ് ലൈൻ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഹെൽപ്പ് ലൈനിന്റെ പ്രവർത്തന രീതി വിശദമാക്കാമോ ;

(സി) ഹെൽപ്പ് ലൈൻവഴി നൽകുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ സ്വീകരിച്ചിട്ടുള്ള സംവിധാനം എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?